പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 178 12-02-2013-ൽ മറുപടിയ്ക്ക്

<u>പോലീസ് ലോക്കപ്പിലെ മൂന്നാംമുറ പ്രയോഗവും അനുബന്ധ കേസുകളും</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് ലോക്കപ്പിൽ പ്രാകൃതമായ മൂന്നാംമുറ പ്രയോഗിച്ചുവരുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കസ്റ്റഡിയിലുള്ളവർക്കെതിരെ പോലീസ് മൂന്നാംമുറ പ്രയോഗിക്കുന്നില്ല. അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ശാസ്ത്രീയമായ കുറ്റാന്വേഷണ രീതിയാണ് പോലീസ് സ്വീകരിച്ചുവരുന്നത്. എന്നാൽ ചുരുക്കം ചില പോലീസ് സ്റ്റേഷനുകളിൽ കസ്റ്റഡിയിലുള്ളവരെ മർദ്ദിച്ചിട്ടുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം ലോക്കപ്പുകളിലാണ് ഹീനമായ പീഡനമുറകൾ നടത്തിയതായ വിവരങ്ങൾ പുറത്തുവന്നിരിക്കുന്നത്; | (ബി) സംസ്ഥാനത്തെ മഞ്ചേരി പോലീസ് സ്റ്റേഷൻ (മലപ്പുറം), ചന്തേര പോലീസ് സ്റ്റേഷൻ (കാസർഗോഡ്), കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ, ഫോർട്ട് പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം),പാലക്കാട് ടൗൺ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ ലോക്കപ്പുകളിൽ പീഡനമുറകൾ നടന്നു എന്ന ആക്ഷേപത്തിന്മേൽ ക്രൈം കേസുകൾ എടുത്ത് അന്വേഷിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) മൂന്നാംമുറയ്ക്ക് ഇരയാക്കിയതിന്റെ പേരിൽ ഏതെല്ലാം പോലീസുദ്യോഗസ്ഥൻമാർക്കെതിരെ കോടതി കേസെടുത്തിട്ടുണ്ട്; | (സി) മൂന്നാം മുറയ്ക്ക് ഇരയാക്കിയതിന്റെ പേരിൽ പോലീസുദ്യോഗസ്ഥർക്കെതിരെ കോടതി സ്വമേധയാ കേസെടുത്തിട്ടുള്ളതായി അറിവായിട്ടില്ല. |

| | |
|---|---|
| (ഡി) കള്ളമൊഴികൾ ഉണ്ടാക്കി അതിന്റെയടിസ്ഥാനത്തിൽ പഴയ കേസുകൾ പുനരന്വേഷണത്തിന് വിടാൻ നടത്തുന്നതുൾപ്പെടെയുള്ള ഗൂഢാലോചനകളേയും ലോക്കപ്പ് മർദ്ദനങ്ങളേയും കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ ? | (ഡി) കള്ളമൊഴികൾ ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ പഴയ കേസുകൾ പുനരന്വേഷണത്തിന് വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസുകൾ പുനരന്വേഷണം നടത്തുന്നുവെങ്കിൽ ആയത് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലായിരിക്കും. |

സെക്ഷൻ ഓഫീസർ